**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2258** **21-06-2024 - ൽ മറുപടിയ്ക്ക്**

**കാർത്തികപ്പള്ളി താലൂക്കിൽ മുൻഗണനാകാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കാർത്തികപ്പള്ളി താലൂക്കിൽ പുതുതായി മുൻഗണനാകാർഡുകൾ നൽകുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകൂ എന്നതിനാൽ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി അവരുടെ കാർഡുകൾ തരം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുൻഗണനാ കാർഡിനുള്ള അപേക്ഷകൾ നിശ്ചിത സമയപരിധിയിൽ ഓൺലൈനായാണ് സ്വീകരിക്കുന്നത്. 2023 ഒക്ടോബർ മാസത്തിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച്, കാർത്തികപ്പള്ളി താലൂക്കിൽ അർഹരെന്ന് കണ്ടെത്തിയ 920 കുടുംബങ്ങളുടെ കാർഡുകൾ മുൻഗണനയിലേക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>ചികിത്സാർത്ഥം മുൻഗണനാ വിഭാഗത്തിലേക്ക് കാർഡ് തരം മാറ്റുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസുകളിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്. എല്ലാ മാസവും, ചികിത്സാർത്ഥം ഗുരുതര രോഗമുള്ളവർ ഉൾപ്പെടുന്ന റേഷൻകാർഡ് തരംമാറ്റുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് യോഗ്യരായവരുടെ കാർഡുകൾ മുൻഗണനയിലേക്ക് മാറ്റി വരുന്നു. |
| (ബി) | താലൂക്കിലെ അർഹരായ മുഴുവൻ പേർക്കും മുൻഗണനാകാർഡുകൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | പിരിവ് (എ)യുടെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ